<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3468</u> <u>14-07-2022 - ൽ മറുപടിയ്ക്ക്</u>

<u>പള്ളിപ്പുറം എൻജിനീയറിംഗ് കോളേജിലെ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി എൻജിനീയറിംഗ് കോളേജിൽ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം നടക്കാത്തതിനുള്ള കാരണം വിശദമാക്കുമോ; | (എ) | **ഐ.എച്ച്.ആർ.ഡി.യുടെ ചേർത്തല എഞ്ചിനീയറിംഗ് കോളേജിന്റെ ക്യാമ്പസ്സിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ധീരജവാൻ ജോമോൻ സ്മാരക സ്റ്റേഡിയത്തിന്റെ നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള Memorandum of Understanding, സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടറും ഐ.എച്ച്.ആർ.ഡി. യുടെ ചേർത്തല എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളും തമ്മിൽ 25.06.2020 ന് ഒപ്പ് വെച്ചിരുന്നു.**<br><br>**പ്രസ്തുത സ്ഥലം ഉൾക്കൊള്ളുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം KSIDC യിൽ നിക്ഷിപ്തമാണെന്നും ടി ഭൂമി 2002 മുതൽ 99 വർഷത്തേക്ക് പാട്ടത്തിന് ഐ.എച്ച്.ആർ.ഡിയ്ക്ക് നൽകിയിട്ടുള്ളതാണെന്നും ഐ.എച്ച്.ആർ.ഡി. സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഐ.എച്ച്.ആർ.ഡിയും KSIDC യും തമ്മിലുള്ള പാട്ടക്കരാർ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം KSIDC യിൽ നിലനിൽക്കുന്നതിനാൽ പ്രസ്തുത ലീസ് ഡീഡ് ഭേദഗതി ചെയ്യുവാനോ അതിനു വിമുഖത ഉണ്ടെങ്കിൽ സ്റ്റേഡിയത്തിനു വേണ്ടിയുള്ള Memorandum of Understanding ത്രികക്ഷിക്കരാറായി നടപ്പിലാക്കുവാനുള്ള സാധ്യത ആരായുവാനും നിർദ്ദേശിച്ചിരുന്നു. സ്റ്റേഡിയത്തിന്റെ നിർമ്മാണ പദ്ധതിക്കു വേണ്ടിയുള്ള പുതുക്കിയ Memorandum of Understanding, 02.06.2022ന് ചേർത്തല ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ ഒപ്പ് വെച്ച് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുടർന്നുള്ള നടപടികൾ സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റാണ് സ്വീകരിക്കേണ്ടത്.** |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്ന കാര്യത്തിൽ വകുപ്പ് | (ബി) | **പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്ന കാര്യത്തിൽ വകുപ്പ്** |

| | | | |
|---|---|---|---|
| | അടിയന്തരമായി ഇടപെടുമോ എന്ന് അറിയിക്കാമോ? | | **അടിയന്തരമായി ഇടപെടുന്നതാണ്.** |

സെക്ഷൻ ഓഫീസർ